പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3085

19-06-2018 ൽ മറുപടിക്ക്

**കാർഷിക കടങ്ങൾക്ക് മോറോട്ടോറിയം**

ചോദ്യം
ശ്രീ. കെ.സി. ജോസഫ്

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷിനാശം സംഭവിച്ച് വായ്പ തിരികെ അടയ്ക്കുവാൻ കഴിയാതെ ആയിരക്കണക്കിന് കർഷകർ ജപ്തി ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മറ്റ് കാർഷിക വികസന ഏജൻസികളും നടപ്പിലാക്കുന്ന വികസന പദ്ധതികൾ കർഷകർക്ക് വളരെ സഹായകരമാണ്. വിപണി സാഹചര്യവും കർഷകർക്ക് അനുകൂലമാണ്. കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിന് പുറമെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് വലിയ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. നെൽകൃഷിക്ക് കീടരോഗബാധമൂലമുള്ള നാശനഷ്ടത്തിനും നഷ്ടപരിഹാരം ലഭിക്കുന്നു. ഇതോടൊപ്പം 31-10-2011 വരെയുള്ള കാർഷിക വായ്പകളും വയനാട് ജില്ലയിൽ മാത്രം 31-3-2014 വരെയുള്ള കാർഷിക വായ്പകളും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ കർഷകർക്ക് അനുകൂലമായ ഒരു സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. |
| (ബി) | എങ്കിൽ കാർഷിക കടങ്ങൾക്ക് മോറോട്ടോറിയം പ്രഖ്യാപിച്ച് കർഷകരെ രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസത്തിനുള്ള വായ്പകളുടെ കാലയളവ് വയനാട് ജില്ലയിൽ 31-03-2014 വരെയും മറ്റ് 13 ജില്ലകളിൽ 31-10-2011 വരെയും ദീർഘിപ്പിച്ച നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ സഹകരണ ബാങ്കുകൾ വഴിയുള്ള കടങ്ങൾക്ക് കടാശ്വാസ കമ്മീഷനെ സമീപിച്ച് പരിഹാരമുണ്ടാക്കുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നതാണ്. ആയതിനാൽ മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ